# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെഎസ് എടിഎസ്ആർ(പി 16)38/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 05/05/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1. അസി.ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ), തൃശ്ശൂർ
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് (ഉപരി പത്രം സഹിതം)
3. കാര്യാലയ പകർപ്പ്

നമ്പർ: കെഎസ് എടിഎസ്ആർ(പി 16)38/2022 തീയ്യതി: 05/05/2022

## തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 23-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ കെ.ഷാജി, | ജോയിന്റ് ഡയറക്ടർ | 18-12-2021 | 24-12-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-12-2021 | 24-12-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലതി വേണുഗോപാൽ | പ്രസിഡന്റ് | 01-04-2020 | 31-10-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 01-11-2020 | 29-12-2020 |
| ശ്രീമതി ലതി | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

| | | | |
|---|---|---|---|
| വേണുഗോപാൽ | | | |

**നിർവ്വഹണഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അബ്ദുൾ സലാം എം | സെക്രട്ടറി | 01-04-2020 | 27-02-2021 |
| ശ്രീ സുജേഷ് എം എസ് | സെക്രട്ടറി -ഇൻ-ചാർജ് | 28-02-2021 | 28-02-2021 |
| ശ്രീ രാമദാസ് എം പി | സെക്രട്ടറി | 01-03-2021 | 31-03-2021 |
| ധന്യ രവി | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സരസ്വതി എൻ കെ | കൃഷി അസി.ഡയറക്ടർ | 01-04-2020 | 31-03-2021 |
| ടീന മേരി സി ജെ | അസി.എഞ്ചിനീയർ | 01-04-2020 | 17-02-2021 |
| ലൈഷ ഇ അശോകൻ | അസി.എഞ്ചിനീയർ | 18-02-2021 | 31-03-2021 |
| ഡോ.സുജ കെ ടി | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 01-04-2020 | 05-03-2021 |
| ഡോ.സജിത ബീഗം | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 06-03-2021 | 31-03-2021 |
| ഡോ.രാഗേഷ് പി ഡി | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| രഘുനാഥ് കെ എ | വ്യവസായ വികസന ഓഫിസർ | 01-04-2020 | 31-03-2021 |
| അരുൺജ്യോതി ജെ ആർ | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| കെ ഷിബു | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 14-01-2021 |
| ബീന എം കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 15-01-2021 | 31-03-2021 |
| ശുഭ നാരായണൻ | സി ഡി പി ഒ | 01-04-2020 | 11-12-2020 |
| ഷംല എ | സി ഡി പി ഒ | 12-12-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 12-04-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Jomon E K (Asst. Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 12-04-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Jomon E K (Asst. Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Jomon E K (Asst. Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Jomon E K (Asst. Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-5 |
| 6 | കാഷ് പരിശോധന<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-6 |
| 7 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jomon E K (Asst. Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണ സംവിധാനം.<br>Written By: P.V.Baby (Audit Officer, On 01-01-2022)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-8 |
| 9 | അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-9-1 |
| 10 | പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-2 |
| 11 | വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-9-3 |
| 12 | സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-4 |
| 13 | രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-5 |
| 14 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-9-6 |
| 15 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-7 |

| | | |
|---|---|---|
| 16 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-8 |
| 17 | ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-9-9 |
| 18 | ബ്ലോക്ക് പഞ്ചായത്ത് വാഹനം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-9-10 |
| 19 | അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 1-9-11 |
| 20 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-12 |
| 21 | പ്രത്യേകോദ്ദേശ ഗ്രാന്റുകൾ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 05-05-2022) | 1-9-13 |
| 22 | പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Jomon E K (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-14 |
| 23 | പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-15 |
| 24 | RP -5ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 22-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-9-16 |
| 25 | വാഹന പരിപാലനം അപാകതകൾ<br>Written By: Jomon E K (Asst. Audit Officer, On 28-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-10 |
| 26 | കാലാവധി പൂർത്തിയായ വാഹനം കയ്യൊഴിക്കണം<br>Written By: Jomon E K (Asst. Audit Officer, On 28-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-11 |
| 27 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: Shyni Krishnadas. E. (Asst. Audit Officer, On 27-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-12 |
| 28 | റോഡ് നിർമ്മാണ പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: P.G.Sadanandan (Audit Officer, On 27-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-13 |
| 29 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ - പൊതു അപാകതകൾ<br>Written By: P.G.Sadanandan (Audit Officer, On 27-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-14 |
| 30 | പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടില്ല.<br>Written By: P.V.Baby (Audit Officer, On 01-01-2022) | 1-15 |

| | | |
|---|---|---|
| | Last Updated By: P.V.Baby (Audit Officer, On 28-04-2022) | |
| 31 | സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - വിനിയോഗ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല<br>Written By: Meera T (Audit Officer, On 02-01-2022)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-16 |
| 32 | ലൈഫ് ഭവന പദ്ധതി (എസ്.സി)- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല<br>Written By: Meera T (Audit Officer, On 03-01-2022)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 1-17 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 4-3 |
| 4 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 4-4 |
| 5 | ഓഡിറ്റ് റിക്കവറി<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 4-5 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 4-6 |
| 7 | ചാർജ്ജ് സർചാർജ്ജ്<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 13-04-2022) | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: P.V.Baby (Audit Officer, On 24-12-2021)<br>Last Updated By: P.V.Baby (Audit Officer, On 28-04-2022) | 4-9 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 24.3.20 | 1(1) | 45670280 | 45821440 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 29.07.2021 |

### 1-3 സാമ്പത്തിക വിശകലനം

| സംക്ഷിപ്ത വിവരം | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 12900021.00 |
| ഓഡിറ്റ് വർഷത്തെ വരവ് | 33032076.00 |
| ആകെ | 45932097.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 39172678.00 |
| നീക്കിയിരിപ്പ് | 6759419.00 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 15726430 | 15726430 | 14441664 | 1284766 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7035613 | 7035613 | 6551363 | 484250 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2746933 | 2746933 | 2737677 | 9256 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5900000 | 5900000 | 2837060 | 3062940 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 66 | 38678951 | 49 | 27234063 | 9 | 8 | 74.3 |

### 1-6 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.12.21 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് നീക്കിയിരുപ്പില്ല എന്ന്പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-7 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
| പെർഫോർമൻസ് ഓഡിറ്റ് | 7.10.21 | 2020-21 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറൽ | 8.9.21 – 18.9.21 | 2016-17 മുതൽ 31.8.21 വരെ | ലഭ്യമായിട്ടില്ല |

## 1-8 ആഭ്യന്തര നിയന്ത്രണ സംവിധാനം.

ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർക്ക് വിവിധ ആവശ്യങ്ങൾക്കായി മുൻകൂർ തുക നല്കുന്നതിന്റെ വിവരങ്ങളോ ആയത് ക്രമപ്പെടുത്തിയതിന്റെ വിവരങ്ങളോ അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. സാംഖ്യ പേയ്മെന്റ് വൗച്ചറുകൾ തനത്ഫണ്ട്, പ്ലാൻഫണ്ട് വൗച്ചറുകളോടൊപ്പം സൂക്ഷിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്റ്റുകളുടെ മോണിട്ടറിംഗ് നടത്തുന്നില്ല. പ്രോജക്റ്റുകളുടെ ഭൗതീക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും രേഖപ്പെടുത്തിയ പൂർത്തികരണ സാക്ഷ്യപത്രം നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കുന്നില്ല. ആസ്തികളുടെ കാര്യക്ഷമമായ സംരക്ഷണം ഉറപ്പ് വരുത്തുന്നതിന് ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുകയോ ആസ്തി രജിസ്റ്റർ കാലികമാക്കുകയോ ചെയ്തിട്ടില്ല. രജിസ്റ്ററുകൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. നിർവ്വഹണ ഉദ്യോഗസ്ഥരിൽ പലരും TR-7Aകാഷ്ബുക്ക് പരിപാലിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുവാൻ ബന്ധപ്പെട്ട ഭരണ സമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-9-1 അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രികകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ സംബന്ധിക്കുന്ന പത്രിക ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

## 1-9-2 പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തുന്നു

2020 - 21 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 45384 | 28.5.20 | 42000006 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-9-3 വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ്

അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക ഡിമാന്റ് രജിസ്റ്റർ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ വാടക ഇനത്തിലുള്ള വാർഷിക കണക്കിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-9-4 സംശയാസ്പദമായ തുകയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് (എം എസ്) 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-9-5 രേഖകളില്ലാതെ ജേണൽ ബുക്ക് തയ്യാറാക്കുന്നു

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ എന്നിവ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്.

## 1-9-6 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-9-7 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020 - 21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6140602 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020 - 21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5512664 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-9-8 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ,ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2020 - 21 വർഷത്തെ Income And Expenditure പത്രിക പ്രകാരം 2108531 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

## 1-9-9 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other Fixed Asset എന്ന ആസ്തികൾക്ക് 95407രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021 ലെ Accumalated Depreciation 252100രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021 -22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

## 1-9-10 ബ്ലോക്ക് പഞ്ചായത്ത് വാഹനം ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് വാഹനങ്ങൾ പഞ്ചായത്ത് ആസ്തിയായി വാർഷിക കണക്കിൽ ഉൾപ്പെടുത്തുകയോ തേയ്മാനചെലവ് കണക്കാക്കുകയോ ചെയ്തിട്ടില്ല.

## 1-9-11 അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

## 1-9-12 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തി വർഷാന്ത്യ സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP-34 പ്രകാരമുള്ള വരവ് ചെലവുകളുടെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-7 പ്രകാരമുള്ള മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-9-13 പ്രത്യേകോദ്ദേശ ഗ്രാന്റുകൾ ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂളുമായി പൊരുത്തപ്പെടുന്നില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/21 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/21 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

<table>
<tr><td></td><td colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4</td><td colspan="3">ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17</td></tr>
<tr><td>ക്രമ നമ്പർ</td><td>ശീർഷകം</td><td>ഇനം</td><td>തുക</td><td>ശീർഷകം</td><td>ബാങ്ക് അക്കൗണ്ട്</td><td>തുക</td></tr>
<tr><td>1</td><td>320100115</td><td>TSC</td><td>919876</td><td>450610103</td><td>Union Bank Of India</td><td>920886</td></tr>
<tr><td rowspan="2">2</td><td>320700208</td><td>Joint Venture Project – Village Panchayat</td><td>2070142</td><td colspan="3" rowspan="2">450610103 Treasury<br>STSB – Joint<br>Venture – 1000000</td></tr>
<tr><td>320700210</td><td>Joint Venture Project – District Panchayat</td><td>2261512</td></tr>
</table>

## 1-9-14 പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവയ്ക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വരവ് ചെലവുകളുടെയും ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-9-15 പാർട്ട് ബിൽ നല്കിയത് Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/21 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2021 ൽ പണിപൂർത്തീകരിക്കാത്തതുമായ എല്ലാ പ്രവൃത്തികളുടെയും വിവരം ബാലൻസ് ഷീറ്റ് ഷെഡ്യൂൾ Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തു കാണുന്നില്ല. ഉദാ: പ്രോജക്റ്റ് നം. 25/21, 42/21,44/21, 26/21.

കൂടാതെ തൻവർഷം പൂർത്തീകരിച്ച പദ്ധതികളും Capital Work In Progress എന്ന ശീർഷകത്തിൽ ഉൾപ്പെട്ടതായും കാണുന്നു. ഉദാ: 58/21

## 1-9-16 RP -5ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

റസീറ്റ് & പേയ്മെന്റ് ഷെഡ്യൂൾ RP -5 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

## 1-10 വാഹന പരിപാലനം അപാകതകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ഉപയോഗത്തിലിരിക്കുന്ന കെ.എൽ46 J -1471 മഹീന്ദ്ര സൈലോ, കെ.എൽ 8- AC-7518 മഹീന്ദ്ര മാക്സ് വാഹനങ്ങളുടെ ലോഗ് ബുക്ക്, റിപ്പയർ രജിസ്റ്റർ. ഫ്യുവൽ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) വാഹനത്തിൽ ഇന്ധനം നിറക്കുന്നത് ലോഗ് ബുക്കിൽ രേഖപ്പെടുത്തി ശരിയായ വിധത്തിൽ സാക്ഷ്യപ്പെടുത്തുന്നില്ല. ഉദാ. കെ.എൽ 8- AC-7518 മഹീന്ദ്ര മാക്സ് വാഹനത്തിന്റെ 2020 ഒക്ടോബർ മാസത്തെ സംക്ഷിപ്തം പ്രകാരം ഇന്ധന നീക്കിയിരുപ്പായുള്ളത് 6.11 ലിറ്ററാണ്, (തൻ മാസത്തെ അവസാനത്തെ ദിവസത്തെ ക്ലോസിംഗ് കിലോ മീറ്റർ 26344) വാഹനത്തിൽ പിന്നീട് ഇന്ധനം നിറച്ചിരിക്കുന്നത് 4-11-20 തിയ്യതിയിൽ 33.85 ലിറ്ററാണ് (26528 കി.മീ). സഞ്ചരിച്ച ദൂരം 26528-26344 =184 കി.മീറ്റർ, വാഹനത്തിന്റെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം പ്രകാരം ഇന്ധനക്ഷമത ലിറ്ററിന് 13 കിലോ മീറ്ററാണെന്നിരിക്കെ, നീക്കിയിരുപ്പായുള്ള 6.11 ലിറ്റർ കൊണ്ട് പരമാവധി 78 കി.മീറ്റർ മാത്രമാണ് സഞ്ചരിക്കാൻ സാധിക്കുന്നത്. ഇന്ധനം നിറക്കുന്നത് ചട്ടപ്രകാരം ഫുൾടാങ്ക് കപ്പാസിറ്റിയിലാകണമെന്ന നിബന്ധന പാലിക്കാത്തതാണ് ഇത്തരത്തിലുള്ള പൊരുത്തക്കേടുകൾക്ക് കാരണം, തന്മൂലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സാക്ഷ്യപത്രം പ്രകാരമുള്ള ഇന്ധന ക്ഷമത വാഹനത്തിന് ലഭ്യമാകുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2)വാഹനത്തിന്റെ പ്രതിമാസ സംഗ്രഹം ശരിയായ രീതിയിൽ എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3) അറ്റകുറ്റ പണികളെ കുറിച്ചുള്ള വിവരങ്ങൾ ലോഗ് ബുക്കിൽ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല.

മേൽ പറഞ്ഞിരിക്കുന്ന അപാകതകൾ പരിഹരിച്ച് സർക്കുലർ നം. 41/2008/ധന/തീ.02.08.2008 പ്രകാരമുള്ള നിർദ്ദേശങ്ങൾക്ക് വിധേയമായി ലോഗ്ബുക്കും മറ്റ് അനുബന്ധ രജിസ്റ്ററുകളും കൃത്യമായി എഴുതി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-11 കാലാവധി പൂർത്തിയായ വാഹനം കയ്യൊഴിക്കണം

ബ്ലോക്ക് പഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-8-AC/7518 മഹീന്ദ്ര മാക്സ് ജീപ്പ് കയ്യൊഴിക്കുന്നതിനുള്ള കാലാവധി പൂർത്തിയായിട്ടുള്ളതായി കാണുന്നു. 2004ൽ വാങ്ങിയ ഈ വാഹനം പതിനേഴ് വർഷം കാലാവധി പൂർത്തിയാക്കിയിട്ടുണ്ട്. ഈ വാഹനം നാളിതു വരെയായി രണ്ട് ലക്ഷത്തി മുപ്പതിനായിരം കിലോമീറ്റർ പ്രവർത്തിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷക്കാലത്ത് അറ്റക്കുറ്റപണികൾക്കും, മറ്റുമായി 87000/- രൂപ ചെലവ് വന്നിട്ടുണ്ട്, വാഹനത്തിന്റെ ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് പ്രകാരം വിപണി മൂല്യം കേവലം 72,000/- രൂപ മാത്രമാണ്. വാഹനം നിലനിർത്തുന്നത് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നതാണ്. 16-10-2019 തിയ്യതിയിലെ സർക്കാർ ഉത്തരവ് (കൈ)നം 45/19/പൊതുമരാമത്ത് വകുപ്പ് പ്രകാരം തുടർച്ചയായ മൂന്ന് സാമ്പത്തിക വർഷക്കാലത്തെ അറ്റക്കുറ്റപണികൾക്കു വേണ്ടിവരുന്ന ചെലവ് വാഹനത്തിന്റെ വിപണി മൂല്യത്തെ അധികരിച്ചാലും, വാഹനം പത്ത് വർഷം കാലാവധി പൂർത്തിയാക്കിയാലും വാഹനം കൈയ്യൊഴിക്കേണ്ടതാണ്. ടി സാഹചര്യത്തിൽ മേൽ പരാമർശിത സർക്കാർ ഉത്തരവിന് വിധേയമായി വാഹനം കയ്യൊഴിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

## 1-12 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- തുക തടസ്സപ്പെടുത്തുന്നു.

കണ്ടിജന്റ് ബിൽ നം 54/20-21 തീയതി.23.1.21 (ചെക്ക് നം.1243359/ 23.1.21 ) പ്രകാരം പട്ടികജാതി വികസന ഓഫീസറുടെ 19.1.21ലെ 36/20 ാം നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ 20-21 വർഷത്തെ ദൈനം ദിന ചെലവിലേക്ക് 12000 രൂപ അനുവദിച്ചിട്ടുണ്ട്. അനുവദിച്ച തുകയുടെ ചെലവ് രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് എൻക്വയറി (8/21.12.21) നൽകിയിരുന്നുവെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തുക 12000 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

## 1-13 റോഡ് നിർമ്മാണ പ്രവൃത്തികൾ - പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

തദ്ദേശഭരണ വകുപ്പിന്റെ 29.1.2018-ലെ സ.ഉ.(കൈ)നം.11/2018-ലെ ഖണ്ഡിക 7.13(3), 7.13(4) എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ട 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് മെച്ചപ്പെടുത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി പ്രൊജക്ട് ഏറ്റെടുക്കാവുന്നതാണ്.

1. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം വാങ്ങിയിരിക്കണം.

2. പ്രധാൻമന്ത്രി ആവാസ് യോജന/ഐ.എ.വൈ. എന്നിവക്ക് വകയിരുത്തേണ്ടതായ മുഴവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം.

എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രമോ, പ്രധാൻമന്ത്രി ആവാസ് യോജന/ഐ.എ.വൈ. എന്നിവക്ക് വകയിരുത്തേണ്ടതായ മുഴവൻ തുകയും വകയിരുത്തിയിട്ടുണ്ടെന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സാക്ഷ്യപത്രമോ, 6 മീറ്ററിൽ കുറയാത്ത വീതിയുള്ള റോഡ് ആയിരിക്കണമെന്നതിന് ഗ്രാമപഞ്ചായത്തിന്റെ ബന്ധപ്പെട്ട ആസ്തി രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഇല്ലാതെയാണ് അസിസ്റ്റന്റ് എഞ്ചിനീയർ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള താഴെ പറയുന്ന റോഡിൽ പ്രൊജക്ട് ഏറ്റെടുത്തിരിക്കുന്നത്.

| ക്രമ നം | പ്രൊജക്ട് നം/ പേര് | ചെലവഴിച്ച തുക | ഗ്രാമപഞ്ചായത്തിന്റെ പേര് |
|---|---|---|---|
| 1. | 83/21 വൈലിക്കുളങ്ങര റോഡ് കാന നിർമ്മാണം-വാർഡ് 15 എളവള്ളി ഗ്രാമപഞ്ചായത്ത് | ട്ര.ബി.നം 11/30.03.2021 തുക 451056/- | എളവള്ളി |

മേൽപറഞ്ഞ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 19/23.12.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി എളവള്ളി ഗ്രാമപഞ്ചായത്തിന്റെ ആവശ്യപ്രകാരമാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത് എന്നും എന്നാൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ രേഖാമൂലമുള്ള സമ്മതപത്രം ഫയലിൽ ഇല്ലെന്നും ആയതിന്റെ സാധൂകരണം ഫയലിൽ സൂക്ഷിക്കുന്നതാണെന്നും ആസ്തിരജിസ്റ്ററിൽ ടി റോഡിന്റെ വീതി 3.2 മീറ്ററാണെന്നും എന്നാൽ ഭൗതിക പരിശോധനയിൽ 6 മീറ്റർ വീതിയുണ്ടെന്നും ആയത് ആസ്തിരജിസ്റ്ററിൽ തിരുത്തുന്നതിന് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് എന്നും അറിയിച്ചിട്ടുണ്ട്. ഖണ്ഡികയിൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതുവരെ മേൽപ്രകാരം ചെലവഴിച്ച 451056 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ - പൊതു അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ പൊതുവായി കാണപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രവൃത്തികളുടെ ഭാഗമായി വെച്ചിട്ടുള്ള കരാറുകാരുമായുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്കരിച്ചിട്ടില്ല.

2. കരാറുകാരുമായുള്ള എഗ്രിമെന്റിന്റെ ഭാഗമായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല

3.2020-21 വർഷത്തിൽ ഫൈനൽ ബില്ല് നൽകിയ പ്രവൃത്തികളിൽ പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം Name Board ന് തുക വകയിരുത്തുകയോ സ്ഥാപിക്കുകയോ ചെയ്തിട്ടില്ല.

4. പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

6. ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടതിന് മറുപടിയായി അപാകതകൾ പരിഹരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 1-15 പമ്പ് സെറ്റുകൾ സ്ഥാപിച്ചിട്ടില്ല.

പ്രോജക്ട് നമ്പർ - S0071/21 – പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ്.

ട്രഷറി ബിൽ നമ്പർ 9/2020 -21.Dtd.27.3.21, തുക-915000/ -

കൃഷി അസി.ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായ മേൽ പ്രോജക്ടിൽ 10 പാടശേഖര കമ്മിറ്റികൾക്ക് 10 HP ഇലക്ട്രിക്ക് മോട്ടോർ പമ്പ് സെറ്റുകൾ ത്രിവിക്രം ഫ്ലോടെക്ക്, കോയമ്പത്തൂർ എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിൽ പോലും പമ്പ് സെറ്റുകൾ പാടശേഖരങ്ങളിൽ സ്ഥാപിച്ചിട്ടില്ല. പമ്പ് സെറ്റുകൾ പാടശേഖരങ്ങളിൽ സ്ഥാപിച്ചതിന്റെ വിവരവും ബന്ധപ്പെട്ട മോണിട്ടറിംഗ് കമ്മിറ്റി റിപ്പോർട്ടും ഹാജരാക്കി ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതാണ്.

## 1-16 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ - വിനിയോഗ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല

സെക്രട്ടറി നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്കായി വിവിധ ഏജൻസികൾക്കും, പഞ്ചായത്തുകൾക്കും കൈമാറിയ തുകയുടെ വിനിയോഗ വിശദാംശങ്ങൾ /പൂർത്തീകരണ രേഖകൾ ലഭ്യമായിട്ടില്ല.

| ക്രമ നം | പ്രോജക്റ്റ് | ഫണ്ട് | ട്രഷറി ബിൽ നം/തുക | ഇ-വൗച്ചർ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|---|
| 1 | S0004/21 ഐ.കെ.എം വിഹിതം അടവാക്കൽ | വികസനഫണ്ട് | 5/8-5 -20 24257 | 22000052/ 26 -4 -20 | ഐ.കെ.എം ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| 2 | S0003/21 ആശ്രയ -പഞ്ചായത്ത് വിഹിതം കൈമാറൽ | വികസനഫണ്ട് | 1/8.5.20 തുക – 150000 | 22000044/ 11 -4 -20 | പഞ്ചായത്ത് വിഹിതം, വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് |
| 3 | S000 6 /21 കാൻ തൃശ്ശൂർ - | വികസനഫണ്ട് | 22/11.11.20 തുക – 120000 | 22000317/10 -11 -20 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം, കാൻ തൃശ്ശൂർ |
| 4 | S00 13/21 ലൈഫ് (ജനറൽ) | വികസനഫണ്ട് | ലഭ്യമല്ല | 1) 22000390/ 22-12-20 600000 2) 22000389/ 22-12 -20 400000 3) 22000540/ 27-2 -21 25000 4) 22000526/ 5 -2 -21 260000 5) 22000525/ 3-2-21 400000 6) 22000438/ | സംയുക്ത പ്രോജക്റ്റുകൾ ക്കുള്ള ബ്ലോക്ക് പഞ്ചായത്ത് വിഹിതം (4 പഞ്ചായത്തുകൾക്ക്) |

| | | | | | |
|---|---|---|---|---|---|
| | | | | 16 -1 -21<br>10000<br>7)<br>22000394/29.12.20<br>200000<br>ആകെ -1895000 | |
| 5. | SOO 57/20<br>മണിച്ചാൽ,<br>കൊച്ചിൻ<br>ഫ്രൊണ്ടിയർ,<br>കോരത<br>എന്നീ<br>കനാലുകളുടെ<br>സംരക്ഷണം<br>(സംയുക്ത<br>പ്രോജക്റ്റ്) | വികസനഫണ്ട് | 2/<br>12-5-20<br>200000 | 22000045/<br>11 -4 -20 | സെക്രട്ടറി,<br>എളവള്ളി ഗ്രാമ<br>പഞ്ചായത്ത് |

## 1-17 ലൈഫ് ഭവന പദ്ധതി (എസ്.സി)- വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്റ്റ് നമ്പർ 28/21 പ്രകാരം നടപ്പാക്കിയ ലൈഫ് ഭവനപദ്ധതി – എസ്.സി എന്ന പ്രോജക്ടിനായി വിസനഫണ്ട് (എസ്.സി.പി)യിൽ നിന്നും 3626321 രൂപ ബ്ലോക്കിനു കീഴിലുള്ള ഗ്രാമപഞ്ചായത്തുകൾക്ക് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ഈ തുക ഏതൊക്കെ പഞ്ചായത്തുകൾക്കാണ് നൽകിയത് എന്നതിന്റെ വിവരം, ബന്ധപ്പെട്ട പഞ്ചായത്തുകളുടെ കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നമ്പർ 22/24.12.2021 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയില്ല. മേൽ പറഞ്ഞ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതു വരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു. ചെലവു സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇ വൗച്ചർനം, തീയതി | തുക |
|---|---|---|
| 1. | 22000175/19-6-20 | 200000 |
| 2. | 22000182/10 -8 -20 | 160000 |
| 3. | 22000207/4 -9 -20 | 280000 |
| 4. | 22000231/29 -10 -20 | 260000 |
| 5. | 22000266/8 -10 -20 | 100000 |
| 6. | 22000391/22 -12 -20 | 200000 |
| 7. | 22000393/22 -12 -20 | 480000 |
| 8. | 22000392/23 -12 -20 | 260000 |
| 9. | 22000439/19 -1-21 | 320000 |
| 10 | 22000524/2 -2 -21 | 400000 |
| 11. | 22000528/9 -2-21 | 26321 |
| 12. | 22000534/11-2 21 | 400000 |
| 13. | 22000538/23 -2-21 | 40000 |
| 14. | 22000574/12 -3-21 | 200000 |
| 15. | 22000575/12 -3 -21 | 100000 |
| 16. | 22000598/27 -3-21 | 200000 |
| | | |

| | | |
|---|---|---|
| | ആകെ | 3626321 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

### 4-5 ഓഡിറ്റ് റിക്കവറി

ഇല്ല

### 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 2(3) | 08-09 | 3.7.3 | മോണിറ്ററിംഗ് ചെലവിന് തുക പിൻവലിച്ചത് | ഖണ്ഡിക തീർപ്പാക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. |

### 4-7 ചാർജ്ജ് സർചാർജ്ജ്

ഇല്ല

### 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33032076 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39172678 |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4089377 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 12000 | അരുൺജ്യോതി ജെ ആർ, പട്ടികജാതി വികസന ഓഫീസർ |
| 1-13 | 451056 | ലൈഷ ഇ അശോകൻ, അസി.എഞ്ചിനീയർ |
| 1-17 | 3626321 | സെക്രട്ടറി<br>1)സുജേഷ് എം എസ്, മാടമ്പിക്കാട്ടിൽ ഹൗസ്, കൂർക്കഞ്ചേരി, തൃശ്ശൂർ – 7,<br>2)അബ്ദുൾ സലാം എം, മംഗലത്ത് ഹൗസ്, പുൽപ്പറ്റ പി.ഒ, മഞ്ചേരി<br>3)എം.പി.രാമദാസ്, S/O എം.പി അന്തൻകുട്ടി, മാർക്കാം തടത്തിൽ പുലാക്കാട്ട് ഹൗസ്, മണ്ണേങ്കാട്ട് (പി.ഒ), പാലക്കാട് ജില്ല |
| ആകെ | 4089377 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 95-96,96-97, 97-98 | എൽ.എഫ്.ടി.ബി.പി-1751/10/29.10.10/8.12.10 | |
| 98-99 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |
| 99-2000 | എൽ.എഫ്.ടി.ബി.പി1751/10/ 29.10.10/8.12.10 | |

| | | |
|---|---|---|
| 2000-01 | എൽ.എഫ്.ടി.ബി.പി1751/10/<br>29.10.10/8.12.10 | |
| 2001-02 | എൽ.എഫ്.ടി.21-2145/07<br>തിയ്യതി 27.05.08/<br>18.10.08(വരവ്) | |
| 98-99 | എൽ.എഫ്.ടി.21-1096/09<br>തിയ്യതി 15.07.10 (വരവ്) | |
| 99-2000 | എൽ.എഫ്.ടി.21-1097/09<br>തിയ്യതി 15.07.10 (വരവ്) | |
| 2000-01 | എൽ.എഫ്.ടി.21-1098/09<br>തിയ്യതി 15.07.10 (വരവ്) | |
| 2001-02 | എൽ.എഫ്.ടി.ബി.പി-33/12/<br>01.03.12 | |
| 2002-03 | “ | |
| 2003-04 | “ | |
| 2004-05 | “ | |
| 2005-06 | “ | |
| 2006-07 | എൽ.എഫ്.ടി.ബി.പി2131/11<br>തിയ്യതി 09.05.12 | |
| 2007-08 | എൽ.എഫ്.ടി.ബി.പി2132/11<br>തിയ്യതി 09.05.12 | |
| 2008-09 | എൽ.എഫ്.ടി.ബി.പി2133/11<br>തിയ്യതി 09.05.12 | |
| 2009-10 | എൽ.എഫ്.ടി.ബി.പി2134/11<br>തിയ്യതി 09.05.12 | |
| 2010-11 | എൽ.എഫ്.ടി.ബി.പി2278/12<br>തിയ്യതി 12.02.13/13.06.13 | |
| 2011-12 | എൽ.എഫ്.ടി.ബി.പി1996/13<br>തിയ്യതി 03.02.14 | |
| 2012-13 | എൽ.എഫ്.ടി.ബി.പി1264/14<br>തിയ്യതി 12.11.14/10.02.15 | |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ<br>(ബി പി)1235/15<br>തിയ്യതി 15.10.15/8.12.15 | |
| 2014-15&2015-16 | കെ.എസ്.എ.ടി.എസ്.ആർ<br>(ബി.പി1)644/17/30.5.17 | |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ<br>(ബി.പി1)1410/17/30.8.17 | |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ<br>(ബി.പി1)1957/04.02.19 | |
| 2018-19 | കെ.എസ്.എ.ടി.എസ്.ആർ (ബി.പി1)<br>1212/19 തിയതി 20.8.19/13.12.19 | |
| 2019-20 | കെ.എസ്.എ.ടി.എസ്.ആർ (പി 16) 37/2022,<br>തിയതി. | |

ജോയിന്റ് ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്